## പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 1863 07/03/2017-ൽ മറുപടിക്ക്

# കസ്തൂരിരംഗൻ റിപ്പോർട്ടിന്മേൽ അന്തിമവിജ്ഞാപനം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. കെ. സി. ജോസഫ്<br>ശ്രീ. ഐ. സി. ബാലകൃഷ്ണൻ<br>ശ്രീ. എൽദോസ് കുന്നപ്പിള്ളി | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | പശ്ചിമഘട്ട സംരക്ഷണത്തിനായുള്ള കസ്തൂരിരംഗൻ റിപ്പോർട്ടിന്മേൽ അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കുന്നത് വൈകും എന്ന കേന്ദ്ര വനം പരിസ്ഥിതി വകുപ്പ് മന്ത്രിയുടെ പ്രസ്താവന ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. കസ്തൂരിരംഗൻ റിപ്പോർട്ടിന്മേൽ അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനു പകരം 04/09/2015 ൽ ഇറക്കിയ കരട് വിജ്ഞാപനം 27/02/2017ൽ renotify ചെയ്തിട്ടുണ്ട്. |
| (ബി) | കരട് വിജ്ഞാപനത്തിൽപ്പെട്ട കേരളത്തിലെ 123 വില്ലേജുകളിൽ കഴിയുന്ന ജനങ്ങൾക്ക് ഇതുമൂലം ഉണ്ടായിട്ടുള്ള ആശങ്ക അകറ്റാൻ എന്ത് നടപടിയാണ് ഉദ്ദേശിക്കുന്നത്; | (ബി) യും (സി) യും | കസ്തൂരിരംഗൻ റിപ്പോർട്ടുമായി ബന്ധപ്പെട്ട് ജനവാസ കേന്ദ്രങ്ങളെയും കൃഷിയിടങ്ങളെയും പരിസ്ഥിതി ലോല പ്രദേശത്തിന്റെ പരിധിയിൽ നിന്നും ഒഴിവാക്കണമെന്നതാണ് സംസ്ഥാന സർക്കാരിന്റെ നിലപാട്.<br><br>കേന്ദ്ര പരിസ്ഥിതി വകുപ്പ് സഹമന്ത്രി 23.06.2016 ൽ കേരളം സന്ദർശിച്ച അവസരത്തിൽ അദ്ദേഹത്തിന് സമർപ്പിച്ച മെമ്മോറാണ്ടത്തിലും ചർച്ചയിലും കർഷകരുടെ ആശങ്ക പരിഹരിക്കണമെന്നും, എത്രയും വേഗം അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കേണ്ടതാണെന്നും ആവശ്യപ്പെടുകയുണ്ടായി. കരട് വിജ്ഞാപനത്തിൽ ഉൾപ്പെടുത്തിയിരുന്ന വനേതര ഇ.എസ്.എ മേഖലയായ 886.7 ച.കി.മീ. പ്രദേശം ആയതിൽനിന്നും |
| (സി) | ജനവാസ - കൃഷി മേഖലകളെ E.S.A യിൽ നിന്ന് ഒഴിവാക്കി അന്തിമ വിജ്ഞാപനം ഉടൻ തന്നെ ഇറക്കുന്നതിന് കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തുമോ? | | |

| | | | |
|---|---|---|---|
| | | | ഒഴിവാക്കി സംസ്ഥാന സർക്കാരിന്റെ ഉത്തരവാദിത്തത്തിൽ സംരക്ഷിക്കാനുള്ള ശക്തമായ നടപടികൾ സംസ്ഥാന സർക്കാർ കൈക്കൊള്ളുന്നതാണെന്നും ഇതിനായി തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെയും പഞ്ചായത്തുതല ബയോഡൈവേഴ്സിറ്റി മാനേജ്മെന്റ് സമിതികളുടെയും അർത്ഥവത്തായ പങ്ക് ഉറപ്പാക്കാമെന്നും നിലവിലുള്ള സംസ്ഥാന നിയമങ്ങൾ നടപ്പാക്കാമെന്നും 23.02.2017 ലെ കത്തു പ്രകാരം കേന്ദ്ര സർക്കാരിനോട് **അഭ്യർത്ഥിച്ചിട്ടുണ്ട്.** |

സെക്ഷൻ ഓഫീസർ